പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3578 08.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| കെ.എസ്.ആർ.ടി.സി യുടെ രാത്രികാല അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിയ്ക്കുന്നതിന് ആലോചിയ്ക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള ആധുനികവൽക്കരണമാണ് ഈ സർവീസുകളിൽ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | ഉണ്ട്.<br>അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന ഗതാഗത കരാറിനും, 2019-ൽ തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന ഗതാഗത കരാറിനും രൂപം നൽകിയിട്ടുണ്ട്. 2016-ലെ കർണ്ണാടക അന്തർസംസ്ഥാന കരാർ പ്രകാരം 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 169 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും, 2019-ലെ തമിഴ്നാടുമായുള്ള കരാർ പ്രകാരം 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് 121 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും, വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും, വേനൽകാലത്തും |

| | |
|---|---|
| | പ്രത്യേക സർവ്വീസുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ പ്രധാനമായും രാത്രികാലത്താണ് കെ.എസ്.ആർ.ടി.സി ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളുമാണ് രാത്രികാല അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**